(തുക ലക്ഷത്തിൽ)

വർഷം	ബജറ്റിൽ വക കൊള്ളിച്ച തുക	ഭരണാനുമതി നൽകിയ തുക	ചെലവാക്കിയ തുക
2011-12	6500.00	7579.90	7131.95
2012-13	8500.00	11241.89	8600.57
2013-14	9000.00	14560.00	7038.66
2014-15	9500.00	5337.00*	4999.21

(*നാളിതുവരെ)

ചെറുകിട ശുദ്ധജല വിതരണ പദ്ധതികൾ

196 (4482) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓരോ ഗ്രാമപഞ്ചായത്തിലും നടപ്പിലാക്കുവാൻ കഴിയുന്നവിധം ചെറുകിട ശുദ്ധജല വിതരണ പദ്ധതികൾക്ക് രൂപം നൽകുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) ചുരുങ്ങിയ ചെലവിൽ കൂടുതൽ വീടുകളിൽ ശുദ്ധജലമെത്തിക്കുവാൻ സാധിക്കുന്ന മിനി വാട്ടർ സപ്ലൈ സ്കീമിന് ഒരു പൊതുമാതൃക ആവിഷ്കരിച്ചു നൽകുവാൻ വകുപ്പ് തയ്യാറാകുമോ ;

(സി) സർക്കാർ നേരിട്ട് നടപ്പിലാക്കിയ ശുദ്ധജല വിതരണ പദ്ധതികളുടെ ആകെ ഗുണഭോക്താക്കൾ എത്രയെന്ന് വ്യക്തമാക്കുമോ ;

(ഡി) ഗുണഭോക്താക്കളുടെ എണ്ണം ജില്ല തിരിച്ച് ലഭ്യമാക്കുമോ ?

ഉത്തരം

(എ) കേരള വാട്ടർ അതോറിറ്റി കൂടുതൽ ജനങ്ങൾക്ക് ഉപയോഗപ്രദമാകുന്ന ഒന്നിലധികം പഞ്ചായത്തുകൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള സമഗ്രകുടിവെള്ള പദ്ധതികൾക്കാണ് ഊന്നൽ നൽകുന്നത്. എന്നിരുന്നാലും ഇതര സ്രോതസ്സുകളുടെ അഭാവത്തിൽ ജലദൗർലഭ്യം നേരിടുന്ന ഗ്രാമപഞ്ചായത്തുകളിൽ കേരള ജല അതോറിറ്റി ചെറുകിട കുടിവെള്ള പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കാറുണ്ട്. ജലനിധി കൂടുതലും ചെറുകിട ജലവിതരണ പദ്ധതികളാണ് പഞ്ചായത്തുകളിൽ നടപ്പാക്കുന്നത്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കേരള വാട്ടർ അതോറിറ്റിയുടെ ചെറുകിട കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് ചെലവ് വിവിധ ഘടകങ്ങളെ ആശ്രയിച്ചാണിരിക്കുന്നത്. അഭിലഷണീയമായ ഭ്രപ്രകൃതിയിൽ കുറഞ്ഞ ചെലവിൽ ആവശ്യമായ സ്ഥലലഭ്യത, വേണ്ടത്ര ജലത്തിന്റെ ലഭ്യത, ഗുണനിലവാരം (വിവിധ രാസപദാർത്ഥങ്ങളുടെ മിതമായ അളവ്) എന്നിവയുണ്ടെങ്കിൽ ഏറ്റവും കുറഞ്ഞ ശുദ്ധീകരണ രീതികൾ ഉപയോഗിച്ച് കുറഞ്ഞ ചെലവിൽ പദ്ധതികൾ നിർവ്വഹിക്കാവുന്നതാണ്. ഗുണഭോക്തൃ സമിതികൾ തെരഞ്ഞെടുക്കുന്ന പ്രാദേശിക സ്രോതസ്സിൽനിന്നും ലഭിക്കുന്ന വെള്ളത്തിന്റെ അളവ് അടിസ്ഥാനമാക്കി പരമാവധി ഗുണഭോക്താക്കളെ ഉൾപ്പെടുത്തി പൈപ്പ്ലൈനുകൾ വഴി വീടുകളിൽ കുടിവെള്ളമെത്തിക്കുന്ന ചെറുകിട പദ്ധതികളാണ് ജലനിധി കൂടുതലായും നടപ്പിലാക്കിവരുന്നത്.

(സി) കേരള ജല അതോറിറ്റിയുടെ നിലവിലുള്ള വിവിധ കുടിവെള്ള പദ്ധതികൾവഴി ഏകദേശം 149 ലക്ഷം ജനങ്ങൾക്ക് ശുദ്ധജലം എത്തിക്കാൻ സാധിക്കുന്നുണ്ട്.

2000-2008 കാലയളവിൽ നടപ്പിലാക്കിയ ജലനിധി ഒന്നാംഘട്ട പദ്ധതിയിൽ 112 ഗ്രാമപഞ്ചായത്തുകളിലായി 10.56 ലക്ഷം കുടുംബങ്ങൾക്ക് കുടിവെള്ളം എത്തിച്ചു. 2012-17 കാലയളവിൽ നടപ്പിലാക്കുന്ന രണ്ടാംഘട്ട പദ്ധതിയിൽ 11.5 ലക്ഷം ഗുണഭോക്താക്കൾക്ക് കുടിവെള്ള സൗകര്യം ലഭ്യമാക്കാനാണ് ലക്ഷ്യമിടുന്നത്. ആയതിനാൽ 30-11-2014 വരെ 79,777 ഗുണഭോക്താക്കൾക്ക് പ്രയോജനം നൽകുകയുണ്ടായി.

(ഡി) കേരള ജല അതോറിറ്റി നടപ്പിലാക്കിയ കുടിവെള്ള പദ്ധതികളുടെ ഗുണഭോക്താക്കളുടെ വിശദാംശം ചുവടെ ചേർക്കുന്നു:

ക്രമ നമ്പർ	ജില്ല	ഗുണഭോക്താക്കളുടെ എണ്ണം ലക്ഷത്തിൽ
(1)	(2)	(3)
1	തിരുവനന്തപുരം	24.89
2	കൊല്ലം	11.93
3	പത്തനംതിട്ട	7.01
4	ആലപ്പുഴ	2.70
5	കോട്ടയം	8.49
6	ഇടുക്കി	3.33

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)
7	എറണാകുളം	32.49
8	തൃശ്ശൂർ	18.00
9	പാലക്കാട്	10.14
10	മലപ്പുറം	17.16
11	കോഴിക്കോട്	7.48
12	വയനാട്	1.88
13	കണ്ണൂർ	1.27
14	കാസർഗോഡ്	2.12
	ആകെ	148.89

ജലനിധി പദ്ധതിയുടെ ഗുണഭോക്താക്കളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	ജില്ല	ജലനിധി ഒന്നാം ഘട്ടം	ജലനിധി രണ്ടാം ഘട്ടം
(1)	(2)	(3)	(4)
1	തിരുവനന്തപുരം	17,638	2,358
2	കൊല്ലം	1,11,581	-
3	പത്തനംതിട്ട	13,206	2,478
4	ആലപ്പുഴ	-	-
5	കോട്ടയം	22,690	17,998
6	ഇടുക്കി	14,852	9,596
7	എറണാകുളം	11,964	-
8	തൃശ്ശൂർ	1,52,737	1,856
9	പാലക്കാട്	1,98,637	6,330

(1)	(2)	(3)	(4)
10	മലപ്പുറം	2,70,914	3,903
11	കോഴിക്കോട്	1,49,500	12,048
12	വയനാട്	40,718	2,836
13	കണ്ണൂർ	27,869	5,622
14	കാസർഗോഡ്	23,797	14,752
	ആകെ	10,56,103	79,777

ആലംകോട് മുല്ലശ്ശേരിക്കുന്നിലുള്ള പമ്പിംഗ് സ്റ്റേഷൻ

197 (4483) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയുടെ ആലംകോട് മുല്ലശ്ശേരിക്കുന്നിലുള്ള പമ്പിംഗ് സ്റ്റേഷനിലെ പുതിയ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടം വരെയായി; പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് ഉദ്ദേശിച്ചിട്ടുള്ള ദൂരം, ഇതിനായുള്ള അടങ്കൽ തുക, ഈ പ്രവൃത്തിക്കായി ചുമതലപ്പെടുത്തിയിട്ടുള്ള ഏജൻസി എന്നിവ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിന് പി.ഡബ്ല്യു.ഡി. റോഡ്, പഞ്ചായത്ത് റോഡ് എന്നിവ കട്ടിംഗിനായി ഇതുവരെ എന്തു തുക നൽകിയിട്ടുണ്ടെന്നും ദേശീയ പാത കട്ട് ചെയ്യുന്നതിന് അനുമതി കിട്ടിയിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത പൈപ്പ്ലൈൻ സ്ഥാപിച്ചു കഴിഞ്ഞാൽ പുതിയതായി ഏതൊക്കെ പഞ്ചായത്ത് പ്രദേശത്ത് കുടിവെള്ളമെത്തിക്കുവാൻ കഴിയുമെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ആലംകോട് മുല്ലശ്ശേരിക്കുന്ന് മുതൽ തെറ്റിക്കുളം പമ്പ് ഹൗസ് വരെയുള്ള പൈപ്പ് ലൈൻ (600 mm DI) 6300 മീറ്ററിൽ 5600 മീറ്ററും, 500 mm DI പൈപ്പ് ലൈൻ 2500 മീറ്ററിൽ 1900 മീറ്ററും പണി പൂർത്തിയായി. ബാക്കിയുള്ള പണികൾ പുരോഗമിക്കുന്നു. ഇതിനായുള്ള അടങ്കൽ തുക 960 ലക്ഷം രൂപയാണ്. ഈ പ്രവൃത്തിയുടെ നിർമ്മാണ കരാർ ഏറ്റെടുത്തിരിക്കുന്നത് M/s. ടോംകോ എഞ്ചിനീയറിംഗ് പ്രൈവറ്റ് ലിമിറ്റഡ്, എറണാകുളം എന്ന കമ്പനിയാണ്.

(ബി) റോഡ് പുനരുദ്ധാരണ പണികൾക്കായി പി.ഡബ്ല്യു.ഡി. റോഡിൽ 86 ലക്ഷം രൂപയും പഞ്ചായത്ത് റോഡിൽ 5.50 ലക്ഷം രൂപയും മുനിസിപ്പാലിറ്റി

LIBRARY ARCHIVES Kerala Legislative Assembly